"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷകെടുതികൾ - എസ്.ഡി.ആർ.എഫ്. -പാലക്കാട് ജില്ല - ഒറ്റപ്പാലം ബ്ലോക്ക് നെല്ലായ ഗ്രാമപഞ്ചായത്ത് - പട്ടിശ്ശേരി എൽ. പി. സ്കൂൾ തലോപ്പാറ റോഡ് - പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.203/2025/DMD തീയതി,തിരുവനന്തപുരം, 02-04-2025

പരാമർശം:-
1. 21.09.2023 ലെ സ. ഉ. (സാധാ) നം. 583/2023/ഡി.എം.ഡി.
2. പാലക്കാട് ജില്ലാകളക്ടറുടെ 19.03.2025 ലെ DCPKD/12996/2024-J7 നമ്പർ കത്ത്

**ഉത്തരവ്**

എസ്. ഡി. ആർ. എഫ് മാനദണ്ഡ പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം 10 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഒറ്റപ്പാലം ബ്ലോക്കിൽ ഉൾപ്പെട്ട നെല്ലായ ഗ്രാമപഞ്ചായത്തിലെ പട്ടിശ്ശേരി എൽ. പി. സ്കൂൾ തലോപ്പാറ റോഡ് പ്രവൃത്തി ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത് പ്രവൃത്തി പൂർത്തീകരിക്കുവാൻ ഉണ്ടായ കാലതാമസം കാരണം ഭരണാനുമതി കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 2025 ഏപ്രിൽ 30 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച ഒറ്റപ്പാലം ബ്ലോക്കിൽ ഉൾപ്പെട്ട നെല്ലായ ഗ്രാമപഞ്ചായത്തിലെ പട്ടിശ്ശേരി എൽ. പി. സ്കൂൾ തലോപ്പാറ റോഡ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 2025 ഏപ്രിൽ 30 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

3. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

ജില്ലാകളക്ടർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ ദുരന്ത നിവാരണം, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB3/73/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 02-04-2025 16:21:22
സെക്ഷൻ ഓഫീസർ

പകർപ്പ് : ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.